LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാലിന്യനിർമ്മാർജ്ജന സംസ്കരണത്തിനായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും മുൻസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകളുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) സംസ്ഥാനത്തെ പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. അതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തുവരുന്നു.

(ഇ) സ്വീകരിച്ച് വരികയാണ്.

നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

127 (1501) ശ്രീ. തോമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09 മുതൽ സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ് എന്ന സ്കീം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ നഗര പ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാക്കുക എന്നതാണ് മേൽപ്പടി സ്കീമിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ആദ്യഘട്ടത്തിന് G.O(Rt)No.3982/2008/LSGD dated:13-11-2008 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. G.O(Rt) No.2766/2009/LSGD dated:24/10/2009, G.O(Rt) No.2767/2009/LSGD dated:24-10-2009 എന്നീ ഉത്തരവുകൾ മുഖാന്തരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി G.O (Rt) No.1376/2012/LSGD dated 17/05/2012, G.O(Rt) No.2664/2012/LSGD dated: 24/09/2012 എന്നീ ഉത്തരവുകൾ പ്രകാരവും മൂന്നാം ഘട്ടത്തിന് G.O(Rt) No.2955/2015/LSGD dated 20-9-2015 പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും (ഗ്രാമപഞ്ചായത്തുകൾക്കായുള്ള 2 മാസ്റ്റർ പ്ലാനുകൾക്ക് പുറമെ) മൂന്നാം ഘട്ടത്തിൽ പുതിയതായി രൂപീകരിച്ച നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ തയ്യാറാക്കി വന്ന 5 മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുകയും 12 പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്ലാനുകളുടെ കരട് തയ്യാറാക്കുകയും അവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന 29 മാസ്റ്റർ പ്ലാനുകളിൽ 18 കരട് മാസ്റ്റർ പ്ലാനുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു പ്രോജക്ട് സെൽ പ്രവർത്തിച്ചുവരുന്നു. മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി Project Cell-ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Handouts, Toolkits, Guidelines എന്നിവ പുറപ്പെടുവിച്ച് വരുന്നു. കൂടാതെ മുഖ്യ നഗരാസൂത്രകന്റെ തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

നഗരസഭകളിലെ ജീവനക്കാർ

128 (1502) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നഗരസഭയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly